**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4492** — **01-07-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. വി. അൻവർ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം - മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടിയിരുന്നതെന്നും ഇതിന് എത്ര തുകയാണ് കെ.ആർ.എഫ്.ബി. അടവാക്കിയിട്ടുള്ളതെന്നും സെക്ഷനുകൾ തിരിച്ച് വിവരം നൽകാമോ;</td><td>(എ)</td><td>മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം - മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി മാറ്റി സ്ഥാപിക്കേണ്ട ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം, കെ.ആർ.എഫ്.ബി. അടവാക്കിയിട്ടുള്ള തുക എന്നിവ സംബന്ധിച്ചുള്ള വിവരം സെക്ഷനുകൾ തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><th>ഇലക്ട്രിക്കൽ സെക്ഷൻ</th><th>മാറ്റേണ്ട പോസ്റ്റുകളുടെ എണ്ണം</th><th>അടച്ച തുക (രൂപ)</th></tr>
<tr><td>നിലമ്പൂർ</td><td>225</td><td>6977554</td></tr>
<tr><td>പൂക്കോട്ടുംപാടം</td><td>186</td><td>5394606</td></tr>
<tr><td>അകമ്പാടം</td><td>23</td><td>1291379</td></tr>
<tr><td>ആകെ</td><td>434</td><td>1,36,63,539/-രൂപ</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇതിൽ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഇതിനകം മാറ്റി സ്ഥാപിച്ചുവെന്നും ഇനിയും മാറ്റാനുണ്ടെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കാമോ;</td><td>(ബി)</td><td>പൂക്കോട്ടുംപാടം – മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി മാറ്റി സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം, ഇനിയും മാറ്റാനുള്ളതിന്റെ കാലതാമസത്തിനുള്ള കാരണം എന്നിവ സംബന്ധിച്ചുള്ള വിവരം സെക്ഷനുകൾ തിരിച്ച് ചുവടെ ചേർക്കുന്നു .<br><br><u>ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂർ</u> : 221 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചു. 4 പോസ്റ്റുകൾ ഇനിയും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. KRFB യുടെ പാർശ്വഭിത്തി നിർമ്മാണം പുരോഗമിക്കുന്നത് കൊണ്ടാണ് പോസ്റ്റുകൾ മാറ്റാൻ സാധിക്കാത്തത്.<br><br><u>ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടം</u> : 23 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുള്ളതിൽ 9 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കെ.ആർ.എഫ്.ബി-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ടി "റൈറ്റ് ഓഫ് വേ" അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ബാക്കി പോസ്റ്റുകളും ലൈനും മാറ്റിസ്ഥാപിക്കുന്നതാണ്.<br><br><u>ഇലക്ട്രിക്കൽ സെക്ഷൻ പൂക്കോട്ടുംപാടം</u> : 182 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 4 പോസ്റ്റുകൾ ഇനിയും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | പൂക്കോട്ടുംപാടം ജംഗ്ഷനിലുള്ള പള്ളിയുടെ ഭാഗത്ത് സ്ഥാപിക്കേണ്ട പോസ്റ്റുകൾ നിയമപരമായ അകലം ഇല്ലാത്തതിനാൽ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. പൂക്കോട്ടുംപാടം ജംഗ്ഷനിലുള്ള മസ്ജിദ് പൊളിച്ച് മാറ്റിയാൽ മാത്രമേ ഇനിയുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപെട്ട് കെ.ആർ.എഫ്.ബി-യും അമരമ്പലം ഗ്രാമപഞ്ചായത്ത് അധികൃതരും മസ്ജിദ് കമ്മിറ്റിയുമായി ചർച്ച നടത്തി തീരുമാനം അറിയിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നിലമ്പൂർ ചന്തക്കുന്ന് വെളിയംതോട് മുതൽ മൈലാടിപ്പാലം വരെയുള്ള ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത ഹൈടെൻഷൻ പോസ്റ്റിൽ നിന്നും കെ.എസ്.ഇ.ബി.യുടെ റൈറ്റ് ഓഫ് വേ ഇരുവശത്തേക്കും എത്രയെന്നും അറിയിക്കാമോ; | (സി) | നിലമ്പൂർ ചന്തക്കുന്ന് വെളിയംതോട് മുതൽ മൈലാടിപ്പാലം വരെയുള്ള ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള 960 മീറ്റർ ഹൈടെൻഷൻ ലൈനും 23 പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളിൽ 9 പോസ്റ്റുകൾ മാത്രം മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ലൈൻ മാറ്റിസ്ഥാപിക്കാൻ സാധിച്ചിട്ടില്ല. വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കെ.ആർ.എഫ്.ബി-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ടി "റൈറ്റ് ഓഫ് വേ" അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ബാക്കി പോസ്റ്റുകളും ലൈനും മാറ്റിസ്ഥാപിക്കുന്നതാണ്. "റൈറ്റ് ഓഫ് വേ" 15 മീറ്റർ ആയതിനാൽ ഇരുവശങ്ങളിലേക്കുമായി 7.5മീറ്റർ വീതം ഉണ്ടാകണം. |
| (ഡി) | പ്രസ്തുത ഹൈ ടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ എവിടെയെങ്കിലും സർവേ നടപടികൾ ആവശ്യപ്പെട്ടിരുന്നോയെന്നും സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഈ ഭാഗത്തെ ഹൈ ടെൻഷൻ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ? | (ഡി) | സർവ്വേ ആവശ്യപ്പെട്ടിരുന്നില്ല. കെ.ആർ.എഫ്.ബി മരങ്ങൾ മുറിച്ച് മാറ്റിയാൽ മാത്രമേ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ